**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **21-01-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി സംരക്ഷണത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന സർക്കാർ രൂപം നൽകിയ ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത് . ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ ഗുണ മേന്മയേറിയ ഒരു കോടി എൽ.ഇ.ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പ്രധാനലക്ഷ്യം.. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉപഭോക്താക്കൾക്ക് LED ബൾബു കൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം വീടുകളിൽ നിന്നും പഴയ CFL/ ICL (കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ്/ ഇൻ കാൻഡസെന്റ് ലാമ്പ്) ബൾബുകൾ ശേഖരിച്ച ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 107 ലക്ഷം LED ബൾബുകൾക്കായി ഏകദേശം 13.27ലക്ഷം ഉപ ഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021 ജനുവരി രണ്ടാംവാരത്തോടെ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) | എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന സർക്കാർ രൂപം നൽകിയ ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്ക കൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത് . ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ ഗുണ |

| | | | |
|---|---|---|---|
| | | | മേന്മയേറിയ ഒരു കോടി എൽ.ഇ.ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പ്രധാനലക്ഷ്യം.. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉപഭോക്താക്കൾക്ക് LED ബൾബു കൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം വീടുകളിൽ നിന്നും പഴയ CFL/ ICL (കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ്/ ഇൻ കാൻഡസെന്റ് ലാമ്പ്) ബൾബുകൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 107 ലക്ഷം LED ബൾബുകൾക്കായി ഏകദേശം 13.27ലക്ഷം ഉപ ഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021 ജനുവരി രണ്ടാംവാര ത്തോടെ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്തെ സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി. സോളാർ ലൈറ്റുകൾ ആക്കി മാറ്റുന്നതിന് എന്തെങ്കിലും പ്രോജെക്ട് നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരളത്തിലുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ്' എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ SPV ആയി കെ.എസ്.ഇ.ബി ലിമിറ്റഡിനെ നിശ്ചയിച്ചുകൊണ്ടും EESL ൽ നിന്നു LED തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകിയും പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ അനുമതി നൽകിയും തദ്ദേശസ്വയംഭരണ വകുപ്പ് 25/12/2020 ലെ സ.ഉ.(കൈ) നം. 202/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിനെതുടർന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ